പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2202 10.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി..സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

ചോദ്യം ഉത്തരം

ശ്രീ. പാലോട് രവി
'' ഹൈബി ഈഡൻ
'' വി.ടി. ബൽറാം
'' അൻവർ സാദത്ത്

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ തൊഴിലാളികളുടെയും വിദഗ്ധരുടെയും അഭിപ്രായങ്ങൾ കൂടി കണക്കിലെടുക്കുമോ; | (എ) | തൊഴിലാളി സംഘടനകളിൽ നിന്നും, സ്റ്റേജ് കാര്യേജ് സർവ്വീസുമായി ബന്ധപ്പെട്ട വിവിധ കേന്ദ്രങ്ങളിൽ നിന്നുമുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കെ.എസ്.ആർ.ടി.സി. പുതിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കണക്കിലെടുക്കുന്നതാണ്. |
| (ബി) | ഈ പദ്ധതികൾ എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ? | (ബി) | 2011-12 വർഷം പുതിയ 1000 ബസ് നിരത്തിലിറക്കുക എന്നതാണ് കെ.എസ്.ആർ.ടി.സി.യുടെ പ്രധാന പദ്ധതി. ഇതിലൂടെ പരമാവധി 600 പുതിയ സർവ്വീസുകൾ തുടങ്ങാൻ കഴിയുന്നതാണ്. ഈ പ്രക്രിയ എല്ലാ വർഷവും ആവർത്തിക്കുന്നതുമൂലം പൊതുഗതാഗത രംഗത്തെ കെ.എസ്.ആർ.ടി.സി. യുടെ സാന്നിദ്ധ്യം ക്രമാനുഗതമായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ